ശ്രീമതി കെ. ആർ. ഗൗരി : കാര്യങ്ങളെ സംബന്ധിടത്തോളം നല്ല കാളണിയാണ് ഫാരസ്റ്റർ. അവിടെ ഇഷ്ടമുള്ള കായ്കനികളും മറ്റും ആവശ്യംപോലെ കിട്ടും, സുഖമായി ജീവിക്കാം.

മെക്കാനിക്കൽ സ്റ്റാഫിന്റെ ശമ്പളസ്കെയിൽ.

*1798. [9] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്ക് എസ്റ്റാബ്ലിഷ്മെന്റിൽ മെക്കാനിക്കൽ സ്റ്റാഫിൽപ്പെട്ട ലോറി ഡ്രൈവർ, മെക്കാനിക്കൽ ഓപ്പറേറർ, ഡ്രിൽ ഡ്രൈവർ എന്നീ വിഭാഗക്കാരുടെ ശമ്പളസ്കെയിൽ എന്ത് ;

(ബി) തുല്യജോലി ചെയ്യുന്ന സ്റേറ ട്രാൻസ്പോർട്ട് സർവ്വീസിലെ മെക്കാനിക്കൽ സ്റ്റാഫിനുള്ള ശമ്പളസ്കെയിലിൽ കുറവാണോ, വർക്ക് എസ്റ്റാബ്ലിഷ്മെന്റ് മെക്കാനിക്കൽ സ്റ്റാഫിനു ;

(സി) അതെങ്കിൽ കാരണമെന്ത് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) എസ്റ്റാബ്ലിഷ് മെൻറിൽ മെക്കാനിക്കൽ സ്റ്റാഫിൽപെട്ട, ലോറി ഡ്രൈവർ, മെക്കാനിക്കൽ ഓപ്പറേറർ എന്നിവരുടെ ശമ്പളസ്കെയിൽ, 40–100 രൂ; ഡ്രിൽ ഡ്രൈവരുടെ ശമ്പളസ്കെയിൽ 40–80 രൂ.

(ബി) സ്റേറ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ മെക്കാനിക്കൽ ഡ്രിൽ ഡ്രൈവറന്മാരില്ല. അവിടെയുള്ള ഡ്രൈവറന്മാർക്ക് 50–130 രൂയും, മെക്കാനിക്കൽ ഓപ്പറേറർമാർക്ക് 50–130 രൂ, 40–120 രൂ. ഇങ്ങനെ രണ്ടു സ്കെയിലുകളുമാണുള്ളത്.

(സി) വർക്ക് എസ്റ്റാബ്ലിഷ് മെൻറിലും, സ്റേറ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലുമുള്ള മെക്കാനിക്കൽ സ്റ്റാഫിന്റെ ശമ്പളവ്യത്യാസത്തിനുള്ള കാരണം, അവരുടെ ജോലി തുല്യമല്ലെന്നുള്ളതാണ്.

ഇഞ്ചിപ്പുൽക്കൃഷി†

*1799. †[10] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര ഏക്കർസ്ഥലത്തു് ഇഞ്ചിപ്പുൽക്കൃഷി ചെയ്യുന്നുണ്ടു് ;

(ബി) ഗവണ്മെൻറ് സഹായം സ്വീകരിച്ചു് വല്ലവരും ടി കൃഷി നടത്തുന്നുണ്ടോ ;

(സി) സഹായം സ്വീകരിക്കാതെ കൃഷി നടത്തുന്നതു് എത്ര ഏക്കർ,

(ഡി) പുൽതൈലത്തിന്റെ വില വളരെ താണതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ ;

(ഇ) ഈ കൃഷി പ്രോത്സാഹിപ്പിക്കാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

† This question was put by Shri K. M. George, with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly